"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ - LID&EW - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. സ്മിത. എസ് [PEN No.551531] -ന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്

സ.ഉ.(സാധാ) നം.1787/2024/LSGD തീയതി,തിരുവനന്തപുരം, 27-09-2024

---

പരാമർശം:-

1. 20.01.2023 തീയതിയിലെ സ. ഉ(സാധാ)നം. 171/2023/തസ്വഭവ നമ്പർ ഉത്തരവ്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.08.2024-ലെ LSGD / PD /70416 / 2023 - DEH2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ 21.01.2023 അപരാഹ്നം തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. സ്മിത. എസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലമായ ആറ് മാസം 21.07.2023 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ ടിയാരിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ 22.07.2023 പൂർവാഹ്നത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

ടിയാരി പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലന്ന് അക്കൗണ്ടന്റ്ജനറലും കൂടാതെ ജോലിയുംസ്വഭാവവും തൃപ്തികരമാണെന്ന് കെ. എസ്. എസ്. ആർ. ഡി. എ ചീഫ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ്

എഞ്ചിനീയർ ശ്രീമതി. സ്മിത. എസ്-ന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 22.07.2023 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയം ഭരണവകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) തൃശ്ശൂർ.
4. ശ്രീമതി. സ്മിത. എസ്,എക്സി.എഞ്ചിനീയർ(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi L P
സെക്ഷൻ ഓഫീസർ
Date: 27-09-2024 10:05:01